**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2997** **07-10-2025 - ൽ മറുപടിയ്ക്ക്**

**വാച്ചർ തസ്തിക പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിലെ വാച്ചർ തസ്തിക പുനർനാമകരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 25-09-2025 തീയതിയിലെ സ.ഉ (കൈ)നം.24/2025/വനം പ്രകാരം വനം വകുപ്പിലെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികകൾ ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് എന്ന് പുനഃ നാമകരണം ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥർക്ക് നിലവിലുണ്ടായിരുന്ന ചുമതലകളും അധികാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | വനസംരക്ഷണകാര്യങ്ങളിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കുക, അവരെ വനസംരക്ഷണപ്രവർത്തനങ്ങളിൽ സഹായിക്കുക എന്നിവയാണ് റിസർവ്വ് വാച്ചർമാരുടെ ചുമതല. ഡിപ്പോയിലെ തടികൾ ഉൾപ്പെടെയുള്ള സർക്കാർ വക വസ്തുക്കൾ സംരക്ഷിക്കുക എന്നതാണ് സർക്കാർ തടി ഡിപ്പോകളിൽ നിയമിക്കപ്പെടുന്ന ഡിപ്പോ വാച്ചർമാരുടെ ചുമതല. |
| (സി) | തസ്തിക പുനർനാമകരണം ചെയ്യുമ്പോൾ നിലവിലെ അധികാരങ്ങളിലും ചുമതലകളിലും വ്യത്യാസം വരുത്തുമോ; വ്യക്തമാക്കുമോ? | (സി) | നിലവിലെ ഫോറസ്റ്റ് വാച്ചറുടെ ജോലി സ്വഭാവം, ഉത്തരവാദിത്വം എന്നിവയിൽ യാതൊരു ഇളവും വരുത്താൻ പാടില്ലെന്ന് 25-09-2025 തീയതിയിലെ സ.ഉ (കൈ)നം.24/2025/വനം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികകൾ ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് എന്ന് പുനഃ നാമകരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/F&WLD തീയതി,തിരുവനന്തപുരം, 25-09-2025

---

പരാമർശം:-

1. കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷന്റെ 16-05-2024 തീയതിയിലെ നിവേദനം.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15-06-2024, 13-02-2025, 01-04-2025 - തീയതികളിലെ ഇ4-3916/2024 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിലെ ഫോറസ്റ്റ് വാച്ചർ തസ്തികയുടെ പേര് "ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്" എന്ന് പരിഷ്ക്കരിക്കണമെന്ന് കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ പരാമർശം (1) നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷന്റെ നിവേദനം പരിഗണിച്ച് ഫോറസ്റ്റ് വാച്ചർമാരുടെ പേര് "ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്" എന്ന് കാലഘട്ടത്തിന് അനുയോജ്യമായി പരിഷ്ക്കരിക്കണമെന്ന് 15-06-2024 തീയതിയിലെ പരാമർശം (2) കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ ഫോറസ്റ്റ് വാച്ചറുടെ ജോലി സ്വഭാവം, ഉത്തരവാദിത്വം എന്നിവയിൽ യാതൊരു ഇളവും വരുത്താൻ പാടില്ലെന്നും, പേരു മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഡിപ്പോ സൂക്ഷിപ്പ്, തൊണ്ടിമുതൽ സൂക്ഷിപ്പ് തുടങ്ങിയവയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടില്ലെന്നും, പുതിയ വേതന ഘടനയ്ക്ക് ആവശ്യം ഉന്നയിക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ വനം വകുപ്പിലെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികകൾ "ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്" എന്ന് പുനഃ നാമകരണം ചെയ്ത് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം), തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം ).
കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ, T.C-81/2597, ETRA-224, മഹാത്മാലയം, തമ്പാനൂർ, തൈക്കാട് പി.ഒ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി - എ )വകുപ്പ് [ Agri-A2/194/2024-FIN (E 2977435) പ്രകാരം ].
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (അഡ്വൈസ് - എ ) വകുപ്പ് [ 15-07-2025 തീയതിയിലെ ADV-A2/120/2025-P&ARD പ്രകാരം ].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ് [ പ്രസിദ്ധീകരണത്തിനായി ].
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്,

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.ധനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.